നിരത്തിലിറക്കുന്നനടപടി ഊർജ്ജിതപ്പെടുത്തി അറകുറ്റപ്പണികളും കഴിയുന്നത്ര വേഗം നടത്തി വരുന്നതിനാൽ കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കളക്ഷൻ ബാറാ സമ്പ്രദായം 15-2-1986 മുതൽ ഏർപ്പെടുത്തിയതിനാൽ പൊതുവേ കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്. ധനസഹായം കൂടുതൽ ലഭ്യമാക്കിയതിനാൽ ടയറും, സ്പെയർ പാർട്ടുകളും വാങ്ങി ഗ്യാരേജിൽ കിടന്ന വണ്ടികളും ഒട്ടുമുക്കാലും സർവ്വീസിനു, യോഗ്യമാക്കാൻ സാധിച്ചു. കൂടാതെ കോർപ്പറേഷന്റെ എല്ലാ മേഖലകളിലും സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തിയതിനാൽ ചെലവ് ഗണ്യമായി കുറയ്ക്കാനും സാധിച്ചു.

വ്യവസായ മേഖലകളിൽ പണിയെടുക്കുന്ന കുട്ടികൾ

773. [172] ശ്രീ. സി. കെ. തങ്കപ്പൻ :
,, ഒ. രേതൻ :
,, കെ. മൂസ്സക്കുട്ടി :
,, ജി. വരദൻ :
,, എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെങ്കിലും വ്യവസായ മേഖലകളിൽ 14വയസ്സിനു താഴെയുള്ള കുട്ടികളെ കൊണ്ട് ജോലി ചെയ്യിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അങ്ങനെ ജോലി ചെയ്യുന്ന കുട്ടികളുടെ എണ്ണം എത്ര യാണെന്ന് വെളിപ്പെടുത്താമോ ;

(സി) കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നത് അവസാനിപ്പിക്കുവാൻ ആവശ്യമായ നിയമ നിർമ്മാണം കൊണ്ടുവരുമോ ?

ഉത്തരം

(എ) വ്യവസായ മേഖലകളിൽ 14 വയസ്സിനു താഴെയുള്ള കുട്ടികളെ കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടില്ല. എന്നാൽ കേരളാ ഷോപ്സ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ടിന്റെ പരിധിയിൽ വരുന്ന ചില ഹോട്ടലുകളിൽ കുട്ടികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഇപ്പോൾതന്നെ നിയമങ്ങൾ നിലവിലുണ്ട്.

മലയോര പ്രദേശങ്ങളിലെ യാത്രാസൗകര്യം മെച്ചപ്പെടുത്താൻ നടപടി

774. [173] ശ്രീ. കെ. സി. ജോസഫ് :
,, പന്തളം സുധാകരൻ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, ജോസ് കുറ്റിയാനി :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര പ്രദേശങ്ങളിലെ യാത്രാസൗകര്യം മെച്ചപ്പെടുത്താൻ കെ. എസ്. ആർ. ടി. സി. പ്രത്യേകമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly